"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

10129

E A2

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ആലപ്പുഴ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സൂപ്രണ്ടായ ഡോ.ആശ കെ.കെ-യെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.309/2022/H&FWD തീയതി,തിരുവനന്തപുരം, 08-02-2022

---

പരാമർശം:-

1. ആരോഗ്യ വകുപ്പ ഡയറക്ടറുടെ 28.04.2021-ലെ ഇ.സി6-20501/2021/ആവഡ നമ്പർ കത്ത്
2. ആരോഗ്യ വകുപ്പ ഡയറക്ടറുടെ 03.02.2022-ലെ ഇ.എ2-777/2020/ആവഡ നമ്പർ കത്ത്

**ഉത്തരവ്**

ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്)-ന്റെ നേതൃത്വത്തിലുള്ള വിജിലൻസ് ടീം ആലപ്പുഴ മാതൃ-ശിശു ആശുപത്രിയിൽ ആകസ്മികമായി നടത്തിയ സന്ദർശനത്തെ തുടർന്നുള്ള റിപ്പോർട്ടിൽ ആശുപത്രി സൂപ്രണ്ട് ഡോ.ആശ.കെ.കെ-യുടെ ഭാഗത്ത് സമയനിഷ്ഠയില്ലായ്മയും മേൽനോട്ടപ്പിശകും ഉത്തരവാദിത്വമില്ലായ്മയും ആശുപത്രിയുടെ വികസനപ്രവർത്തനങ്ങളിൽ താത്പര്യമില്ലായ്മയും കണ്ടെത്തുകയുണ്ടായി. ഉത്തരവാദപ്പെട്ട സ്ഥാനത്തിൽ ഇരിക്കുന്നതും മറ്റു ജീവനക്കാർക്ക് മാതൃകയാകേണ്ടതും അവരെ ഔദ്യോഗികമായി ചിട്ടയായ പ്രവർത്തനത്തിന് പ്രാപ്തരാക്കേണ്ടതുമായ ഡോ.ആശ.കെ.കെ-യുടെ പ്രവർത്തികൾ തികഞ്ഞ ഉത്തരവാദിത്വമില്ലായ്മയും കൃത്യനിഷ്ഠയില്ലായ്മയും അച്ചടക്കലംഘനവും ആശുപത്രിയുടെ വികസനത്തെ തടസ്സപ്പെടുത്തുന്നതും, ജീവനക്കാരെ കൃത്യനിർവഹണത്തിൽ നിന്നും വിമുഖരാക്കുന്നതുമാണ് എന്നതിനാൽ പ്രസ്തുത മെഡിക്കൽ ഓഫീസറെ അച്ചടക്കനടപടിയുടെ ഭാഗമായി ആലപ്പുഴ മാതൃ - ശിശു ആശുപത്രയിൽ നിന്ന് മാറ്റി നിറുത്താൻ ആരോഗ്യ വകുപ്പ ഡയറക്ടർ പരാമർശം (1), (2) പ്രകാരം ശിപാർശ ചെയ്തു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആരോഗ്യ വകുപ്പ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ആലപ്പുഴ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സൂപ്രണ്ടായ ഡോ.ആശ കെ.കെ-യെ, അച്ചടക്ക നടപടിയ്ക്ക് വിധേയമായി, 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 1 0 പ്രകാരം സർവീസിൽ നിന്നും സസ്പെന്റ് ചെയ്ത് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടിയാൾക്ക് കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം I-ലെ ചട്ടം 55 പ്രകാരമുള്ള ഉപജീവനബത്തയ്ക്കുള്ള അർഹത ഉണ്ടായിരിക്കുന്നതാണ് .

3) ആലപ്പുഴ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ഡെപ്യൂട്ടി സൂപ്രണ്ടായ (ജൂനിയർ

അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ) ഡോ. ഷാജി എസ്.എൻ-ന് ആലപ്പുഴ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സൂപ്രണ്ടിന്റെ പൂർണ്ണ അധിക ചുമതല നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു. ആരോഗ്യ വകുപ്പ് ഡയറക്ടർ ഈ ഉത്തരവ് (പി.ഡി.എഫ് രൂപത്തിൽ) ഔദ്യോഗിക വെബ്-സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അതിന്റെ പകർപ്പ് ഔദ്യോഗികാവശ്യങ്ങൾക്ക് ഉപയോഗിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദിലീപ്.സി.ഡി

ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ആലപ്പുഴ

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മേലെഴുത്ത് നമ്പർ ഇ1-777/2021/ആ.വ.ഡ-ൽ:15/2/2022

അറിവിലേക്കും, അനന്തര നടപടിക്കുമായി പ്രസിദ്ധീകരിക്കുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി

15/2/22